**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4058** — **09-08-2021 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി ടിപ്പുസുൽത്താൻ റോഡ് പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ടിപ്പുസുൽത്താൻ റോഡിന്റെ ഒരു ഭാഗം വർഷങ്ങൾക്ക് മുമ്പ് പ്രളയത്തിൽ ഒലിച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്, തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി -ടിപ്പുസുൽത്താൻ റോഡ് കി.മീ. 3/900 മുതൽ 4/100 ചാപ്പപ്പടി ഭാഗം, 2018-19 വർഷങ്ങളിലെ പ്രളയത്തിൽ, കടൽക്ഷോഭം കാരണം 200 മീറ്ററോളം നീളത്തിൽ സൈഡ് പ്രൊട്ടക്ഷൻ വാളും ബി.എം & ബി.സി യും തകർന്നിരുന്നു. ഈ ഭാഗത്ത് കടൽഭിത്തി നിർമ്മിച്ച് റോഡ് നിർമ്മിച്ചാൽ മാത്രമേ റോഡ് തകരാതെ നിൽക്കുകയുള്ളൂ. നിലവിൽ ഈ ഭാഗത്ത് പുലിമുട്ടിന്റെ പ്രവൃത്തി തുറമുഖ വകുപ്പ് നടത്തിവരുന്നുണ്ട്. റോഡ് താൽക്കാലികമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. പുലിമുട്ടിന്റെ പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് റോഡ് പ്രവൃത്തിയ്ക്കായുള്ള തുടർനടപടികൾ കൈക്കൊള്ളാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത ഭാഗം പുനർനിർമ്മിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് ഇനിയും പൂർത്തീകരിക്കാനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) | ഉണ്ട്, തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി -ടിപ്പുസുൽത്താൻ റോഡ് കി.മീ. 3/900 മുതൽ 4/100 ചാപ്പപ്പടി ഭാഗം, 2018-19 വർഷങ്ങളിലെ പ്രളയത്തിൽ, കടൽക്ഷോഭം കാരണം 200 മീറ്ററോളം നീളത്തിൽ സൈഡ് പ്രൊട്ടക്ഷൻ വാളും ബി.എം & ബി.സി യും തകർന്നിരുന്നു. ഈ ഭാഗത്ത് കടൽഭിത്തി നിർമ്മിച്ച് റോഡ് നിർമ്മിച്ചാൽ മാത്രമേ റോഡ് തകരാതെ നിൽക്കുകയുള്ളൂ. നിലവിൽ ഈ ഭാഗത്ത് പുലിമുട്ടിന്റെ പ്രവൃത്തി തുറമുഖ വകുപ്പ് നടത്തിവരുന്നുണ്ട്. റോഡ് താൽക്കാലികമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. പുലിമുട്ടിന്റെ പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് റോഡ് പ്രവൃത്തിയ്ക്കായുള്ള തുടർനടപടികൾ കൈക്കൊള്ളാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ